# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1034

10.06.2019-ലെ മറുപടി

### അങ്കമാലി നിയോജകമണ്ഡലത്തിനായി പ്രഖ്യാപിച്ച കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | 2017-18 വർഷം അങ്കമാലി നിയോജകമണ്ഡലത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 262.20 കോടി രൂപയുടെ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ; | (എ) | 2017-18 വർഷം അങ്കമാലി നിയോജകമണ്ഡലത്തിൽ 116 കോടി രൂപയുടെ കുടിവെള്ള പദ്ധതിയാണ് ബജറ്റ് പ്രഖ്യാപനത്തിൽ ഉണ്ടായിരുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി 116 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് 22/03/2018-ൽ തത്വത്തിൽ അംഗീകാരം നൽകി കിഫ്ബിയിൽ സമർപ്പിക്കുകയും 115.93 കോടി രൂപയുടെ അനുമതി 12/11/2018-ൽ കിഫ്ബിയിൽ നിന്നു ലഭിയ്ക്കുകയും ചെയ്തു. ഈ പദ്ധതിയുടെ സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനാവശ്യമായ വർക്കിംഗ് എസ്റ്റിമേറ്റ്, വിവിധ പാക്കേജുകളിലായി തയ്യാറാക്കുന്ന ജോലികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതി നാളിതുവരെയായി തുടങ്ങാൻ കഴിയാത്തതിന്റെ തടസ്സ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതി രണ്ടു ഭാഗങ്ങളായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതിൽ ഭാഗം ഒന്നിന്റെ ഉറവിടം പെരിയാർ നദിയിൽ തോപ്പിൽ കടവിലാണ്. എന്നാൽ പ്രസ്തുത ഉറവിടം അങ്കമാലി നിയോജകമണ്ഡലത്തിന് പുറത്ത് കാഞ്ഞൂർ പഞ്ചായത്ത് പ്രദേശത്ത് ആയതിനാൽ പരിസരവാസികളുടെ എതിർപ്പ് ഉണ്ടാകാനിട യുണ്ടെന്നും പദ്ധതി തടസ്സപ്പെടാൻ സാധ്യത യുണ്ടെന്നും ബഹു.അങ്കമാലി എം. എൽ.എ 04.02.2019-ൽനടന്ന അവലോകന യോഗത്തിൽ അറിയിക്കുകയും ടി അവലോകന യോഗത്തിലെ നിർദ്ദേശം അനുസരിച്ച് തോപ്പിൽ കടവിൽ വിഭാവനം ചെയ്ത സ്രോതസ്സ് കാലടി പാലത്തിനു സമീപത്തേക്ക് മാറ്റി വിഭാവനം ചെയ്യുന്നതിന്റെ പ്രായോഗികത പഠിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചതനുസരിച്ച് വിശദമായ സ്ഥല പരിശോധന നടത്തിയെങ്കിലും അനുയോജ്യമായ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.പ്രധാന പൈപ്പ് ലൈനുകൾ വിവിധ പിഡബ്ല്യുഡി റോഡുകളിലൂടെ സ്ഥാപിക്കേണ്ടതിനാൽ ആയതിന്റെ റോഡ് പുനരുദ്ധാരണ എസ്റ്റിമേറ്റ്, പിഡബ്ല്യുഡി തന്നെ തയ്യാറാക്കി തരേണ്ടതായതിനാൽ ഇക്കാര്യത്തിനായി 18/01/2019 ലും 04/02/2019 ലും സംയുക്ത സ്ഥല പരിശോധന നടത്തിയെങ്കിലും ആയതിന്റെ എസ്റ്റിമേറ്റ് പിഡബ്ല്യുഡിയിൽ നിന്നും ലഭ്യമായിട്ടില്ല. |
| (സി) | പദ്ധതി പ്രഖ്യാപനം വന്നിട്ട് ഇരുപത്തി ഏഴ് മാസം പിന്നിട്ടിട്ടും പദ്ധതി യാഥാർത്ഥ്യമാകാത്തതിന്റെ കാരണം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) & (ഡി) | 04/02/2019-ൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ വിളിച്ചുചേർത്ത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ വിളിച്ച യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പും യോഗതീരുമാന പ്രകാരം കൈക്കൊണ്ട നടപടിയും വ്യക്തമാക്കാമോ; | | **<u>സ്വീകരിച്ച നടപടികൾ</u>**<br>1. ഈ പദ്ധതിയുടെ ആവശ്യത്തിനായി കുഴിക്കേണ്ട റോഡുകളുടെ വിശദ വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്.<br>2. ഈ പദ്ധതിയുടെ ഉറവിടം തോപ്പിൽ കടവിൽ നിന്നും കാലടി പാലത്തിന് സമീപത്തേക്ക് മാറ്റി വിഭാവനം ചെയ്യുന്നതിന്റെ പ്രായോഗികത പഠിക്കുന്നതിന് മെയിന്റനൻസ് വിഭാഗം അസിസ്റ്റൻറ് എൻജിനീയറും പി.പി.ഡി വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എൻജിനീയറും ചേർന്ന് 22/05/2019-ൽ സംയുക്ത പരിശോധന നടത്തുകയുണ്ടായി. എന്നാൽ ഉചിതമായതും അനുയോജ്യമായ സ്ഥലം കണ്ടെത്താനായില്ല.<br>3. മേൽ പദ്ധതിയുടെ നിലവിലുള്ള വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ റോഡ് സർവ്വേ നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു<br><br>മലയാറ്റൂർ പഞ്ചായത്തിൽ ചില ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുമായും സഹകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (ഇ) | ജി ഓ(ആർ ടി ) നം .615/2018/ ഡബ്ല്യു ആർ ഡി തീയതി 20.08.2018 ഉത്തരവിൽ പറയുന്ന മൂന്ന് പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; എന്നേയ്ക്ക് ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയു മെന്നും വ്യക്തമാക്കാമോ? | (ഇ) | 1. അങ്കമാലി മുൻസിപ്പാലിറ്റിയിലെ അങ്ങാടി കടവ് മുതൽ മങ്ങാട്ടുകരാ വരെയുള്ള പൈപ്പ് ലൈൻ മാറ്റിയിടുന്ന പ്രവർത്തി- 32.77 ലക്ഷം പണി പൂർത്തികരിച്ചു.<br>2. അയ്യമ്പുഴ ഗ്രാമീണ ശുദ്ധജല പദ്ധതി - പ്രസ്തുത പദ്ധതിക്ക് വേണ്ടി നീലീശ്വരം പമ്പ് ഹൗസിൽ 40 hp VT പമ്പ്സെറ് സ്ഥപിക്കുന്ന പ്രവർത്തി - 9.50 ലക്ഷം.<br>3. മഞ്ഞപ്ര ഗ്രാമീണ ശുദ്ധജല പദ്ധതി - പ്രസ്തുത പദ്ധതിക്കു വേണ്ടി നീലീശ്വരം പമ്പ് ഹൗസിൽ 40 hp VT പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവർത്തി -9.5 ലക്ഷം.<br><br>ഇതിന്മേലുള്ള ത്വരിത നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. ഡിസംബർ 2019 ഓടു കൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**04/02/2019, 3.50 മണിയ്ക്ക് ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ കൃഷ്ണൻകുട്ടി അവർകളുടെ അദ്ധ്യക്ഷതയിലും ബഹു. അങ്കമാലി നിയോജകമണ്ഡലം എം എൽ എ ശ്രീ. റോജി എം ജോൺ അവർകളുടെ സാന്നിദ്ധ്യത്തിലും നിയമസഭാ മന്ദിരത്തിലെ 5എ കോൺഫറൻസ് ഹാളിൽ വെച്ച് നടത്തിയ കുടിവെള്ള വിതരണ പദ്ധതികളുടെ അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ്.**

യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

യോഗം 3.50 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും അദ്ധ്യക്ഷൻ സ്വാഗതം ചെയ്തു. തുടർന്ന് നിയോജകമണ്ഡലത്തിലെ വിവിധ ജലവിതരണ പദ്ധതികളുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്തു.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കമാലി മുനിസിപ്പാലിറ്റിയ്ക്കും തുറവൂർ, മഞ്ഞപ്ര പഞ്ചായത്തുകൾക്കുമായിട്ടുള്ള ഒരു പദ്ധതിക്കും മലയാറ്റൂർ, അയ്യമ്പുഴ എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള മറ്റൊരു പദ്ധതിക്കുമാണ് നിലവിൽ 115 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരിക്കുന്നത്. ഈ രണ്ട് പദ്ധതിക്കും പി ഡബ്ല്യൂ ഡി റോഡുകൾ കുഴിക്കുന്നതിനുള്ള അനുമതി ലഭിക്കുവാൻ പി ഡബ്ല്യൂ ഡി ഓഫീസുകളിൽ ബന്ധപ്പെട്ടെങ്കിലും അനുഭാവ പൂർവമായ പ്രതികരണമല്ല അധികാരികളുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതെന്ന് ബഹു.എം എൽ എ അറിയിച്ചു.ആയതിനാൽ ഈ വിഷയത്തിൽ മന്ത്രി തലത്തിൽ ഇടപെടൽ നടത്തണമെന്ന് ബഹു.എം എൽ എ ആവശ്യപ്പെട്ടു.പൊതുമരാമത്ത് മന്ത്രിക്ക് ഇത് സംബന്ധിച്ച കുറിപ്പ് നൽകാമെന്ന് ബഹു.മന്ത്രി യോഗത്തിൽ അറിയിച്ചു.

അങ്കമാലിയ്ക്ക് വേണ്ടിയുള്ള പദ്ധതിയുടെ പ്രയോജനം മുഴുവനായും അങ്കമാലി മണ്ഡലത്തിലാണ് ലഭിക്കുന്നത്. ഈ പദ്ധതിയുടെ സ്രോതസ്സ് ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ പ്രയോജനം കാഞ്ഞൂർ പഞ്ചായത്തിൽ ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ ജനങ്ങളിൽ നിന്നും പ്രതിഷേധമുണ്ടാകാൻ സാദ്ധ്യത ഉണ്ടെന്നും ഇതിന് ഒരു പരിഹാരം കണ്ടെത്തണമെന്നും ബഹു. എം എൽ എ ആവശ്യപ്പെട്ടു.

വിശദമായ ചർച്ചകൾക്കൊടുവിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. പൊതുമരാമത്ത് വകുപ്പിലേയ്ക്ക് കുറിപ്പ് നൽകുന്നതിനായി കുഴിക്കേണ്ടി വരുന്ന പി ഡബ്ല്യൂ ഡി റോഡുകളുടെ പട്ടികയും വിശദമായ റിപ്പോർട്ടും ബഹു. മന്ത്രിയുടെ ഓഫീസിൽ സമർപ്പിക്കുക

2. അങ്കമാലി പദ്ധതിയ്ക്കായി നിലവിൽ ഉദ്ദേശിക്കുന്ന സ്രോതസ്സിന്റെ സ്ഥലം കാലടി പാലത്തിന് സമീപത്തേയ്ക്ക് മാറ്റി വിഭാവനം ചെയ്യുന്നതിന്റെ പ്രായോഗികത പഠിച്ച് റിപ്പോർട്ട് ചെയ്യുകയും അതിനനുസരിച്ച് ആവശ്യമെങ്കിൽ അതുകൂടി ഉൾപ്പെടുത്തി നിലവിലുള്ള പ്രൊപ്പോസൽ റീകാസ്റ്റ് ചെയ്ത് കിഫ്ബിയുടെ അനുമതി വാങ്ങിയശേഷം മാത്രം ഇതുമായി മുന്നോട്ട് പോകുക.

3. മലയാറ്റൂർ പദ്ധതിയിൽ നിലവിലുള്ള വിതരണ ശൃംഖലയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി മേജർ ഡിസ്ട്രിബ്യൂഷൻ ലൈനുകൾ കൂടി ഉൾപ്പെടുത്തണം.

4. പാറക്കടവ് പദ്ധതിയിലുള്ള ട്രാൻസ്ഫോർമർ എത്രയും വേഗം കമ്മീഷൻ ചെയ്ത് ഫെബ്രുവരി 25 നകം പദ്ധതി ഉദ്ഘാടനത്തിനായി തയ്യാറാക്കുക.

യോഗം 4.30 ന് അവസാനിച്ചു.

സെക്ഷൻ ഓഫീസർ